## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1288

04 .12.2014-ൽ
മറുപടിയ്ക്ക്

### 'ഡാറ്റാബേസ് വെരിഫിക്കേഷൻ സംവിധാനം'

ചോദ്യം
ശ്രീ. എം. ഉമ്മർ

മറുപടി
ശ്രീ.അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) ഡാറ്റാബേസ് വെരിഫിക്കേഷൻ സംവിധാനം നടപ്പിലാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്? വിശദാംശം നൽകുമോ? | (എ) ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെയും, പൊതുവിദ്യാഭ്യാസ വകുപ്പിൻെറയും (എസ്.എസ്.എൽ.സി 2001 മുതലുള്ളത്), മോട്ടോർ വാഹന വകുപ്പിൻേറയും ഡാറ്റാബേസുകൾ, ഓൺലൈൻ ആയിത്തന്നെ പരിശോധിക്കാൻ നിലവിൽ റവന്യു വകുപ്പിന് സാധിക്കുന്നതാണ്. കുടുതൽ വകുപ്പുകളുടെ ഡാറ്റാബേസുകൾ വെരിഫിക്കേഷന് ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ഐ.റ്റി മിഷൻ വഴി നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത സംവിധാനത്തിൽ കൂടുതൽ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുന്ന കാര്യം പരിഗണിക്കുമോ? | (ബി) നിലവിൽ 24 ഇനം സർട്ടിഫിക്കറ്റുകൾ നൽകി വരുന്നുണ്ട്. കൂടാതെ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റുകൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) നിലവിൽ എത്ര വില്ലേജ് ഓഫീസുകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട് ? വിശദാംശം നൽകുമോ? | (സി) സംസ്ഥാനത്തെ 1630 വില്ലേജുകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്. കുടാതെ പുതുതായി രൂപീകരിച്ചിട്ടുള്ള 30 വില്ലേജുകളിലും സാങ്കേതിക കാരണത്താൽ നടപ്പിലാക്കാൻ കഴിയാത്ത വില്ലേജുകളിലും ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) പ്രസ്തുത സംവിധാനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ? | (ഡി) ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്<br>(1) എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുള്ളതാണ്. ഈ പദ്ധതി തടസ്സങ്ങളില്ലാതെ മുന്നോട്ടു പോകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവുകളും ബന്ധപ്പെട്ട ബൈലോയും സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. |

(2) First In First Out (FIFO) രീതി ഇതിനോടകം തന്നെ ഈ പദ്ധതിയിൽ ഉറപ്പാക്കിയിട്ടുണ്ട്.

(3) ജില്ലകളിൽ നിന്നും ലഭ്യമായ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ സോഫ്റ്റ് വെയറിൽ ഭേദഗതികൾ വരുത്തുന്നതിനായി ഐ.റ്റി മിഷനിൽ സമർപ്പിച്ചിട്ടുണ്ട്.

(4) ഇപ്പോൾ ഒരു വില്ലേജിൽ ഒരു കമ്പ്യൂട്ടർ അല്ലെങ്കിൽ ഒരു ലാപ്പ്ടോപ് എന്ന പ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത് വില്ലേജിലെ കാര്യക്ഷമമായ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. ഇ-ഡിസ്ട്രിക്ട് സോഫ്റ്റ് വെയറിൽ നടപ്പിലാക്കിയിട്ടുള്ള Scrutiny, Verification, Approval എന്നീ മൂന്ന് തലങ്ങളും ഒരേ ഒരു കമ്പ്യൂട്ടർ ഉപയോഗിച്ചാണ് നടത്തിവരുന്നത്. ഇത് അപര്യാപ്തമാണെന്നും ഓരോ കമ്പ്യൂട്ടർ/ലാപ്പ്ടോപ്, യു.പി.എസ്. എന്നിവ കൂടി അനുവദിക്കണമെന്നും വിശദമായ പട്ടിക സഹിതം ഐ.റ്റി മിഷനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ